## പരീക്ഷാഅടിയന്തിരം

നം.ഇ.എക്സ്/എ2/30400/2025/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 10/12/2025

## സർക്കുലർ

2025 സെപ്റ്റംബർ മാസം നടന്ന ഡിഎൽ.എഡ് (ജനറൽ) പരീക്ഷയുടെ മൂല്യ നിർണ്ണയത്തിനായി അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ മുഖാന്തിരമാണ് നടത്തുന്നത്. മൂല്യനിർണ്ണയ ക്യാമ്പിലേക്ക് ചീഫ്/അസിസ്റ്റന്റ് എക്സാമിനർമാരായി അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി എല്ലാ ഡയറ്റ്/ഐ.റ്റി.ഇ (സർക്കാർ & എയ്ഡഡ്) പ്രിൻസിപ്പൽമാരും അവരുടെ സ്ഥാപനത്തിലെ എല്ലാ അദ്ധ്യാപകരെയും സംബന്ധിച്ച വിവരങ്ങൾ പരീക്ഷാഭവൻ വെബ്സൈറ്റിലൂടെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. ടി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി **പരീക്ഷാഭവൻ വെബ്സൈറ്റിൽ 10/12/2025 മുതൽ ലിങ്ക് ലഭ്യമാകുന്നതാണ്. 17/12/2025 വൈകുന്നേരം 5 മണിക്ക് മുമ്പായി വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.**

ഓരോ ജില്ലകളിൽ നിന്നും ബന്ധപ്പെട്ട ക്യാമ്പുകളിലേയ്ക്ക് അദ്ധ്യാപകർ അപേക്ഷിക്കേണ്ട വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റവന്യൂജില്ല | മൂല്യനിർണ്ണയ ക്യാമ്പിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഡയറ്റ് തിരുവനന്തപുരം, ആറ്റിങ്ങൽ |
| 2 | കൊല്ലം | ഡയറ്റ് കൊല്ലം, കൊട്ടാരക്കര |
| 3 | പത്തനംതിട്ട | ഡയറ്റ് പത്തനംതിട്ട, തിരുവല്ല |
| 4 | ആലപ്പുഴ | ഡയറ്റ് ആലപ്പുഴ, ചെങ്ങന്നൂർ |
| 5 | കോട്ടയം | ഡയറ്റ് കോട്ടയം, വെള്ളൂർ |
| 6 | ഇടുക്കി | ഡയറ്റ് ഇടുക്കി, തൊടുപുഴ |
| 7 | എറണാകുളം | ഡയറ്റ് എറണാകുളം, കുറുപ്പംപടി |
| 8 | തൃശ്ശൂർ | ഡയറ്റ് തൃശ്ശൂർ, രാമവർമ്മപുരം |
| 9 | പാലക്കാട് | ഡയറ്റ് പാലക്കാട്, അണക്കര |
| 10 | മലപ്പുറം | ഡയറ്റ് മലപ്പുറം, ബി.പി അങ്ങാടി |

| | | |
|---|---|---|
| 11 | കോഴിക്കോട് | ഡയറ്റ് കോഴിക്കോട്, വടകര |
| 12 | വയനാട് | ഡയറ്റ് വയനാട്, സുൽത്താൻബത്തേരി |
| 13 | കണ്ണൂർ | ഡയറ്റ് കണ്ണൂർ, പാലയാട് |
| 14 | കാസർഗോഡ് | ഡയറ്റ് കാസർഗോഡ്, മായിപ്പാടി |

തമിഴ് ഉത്തരക്കടലാസുകൾ പാലക്കാട്, ഇടുക്കി ഡയറ്റുകളിലും, കന്നട ഉത്തരക്കടലാസുകൾ കാസർഗോഡ് ഡയറ്റിലുമാണ് മൂല്യനിർണ്ണയം നടത്തുന്നത്. ആയതിനാൽ പ്രസ്തുത അദ്ധ്യാപകർ മേൽ സൂചിപ്പിച്ച ക്യാമ്പുകളിലേയ്ക്കാണ് അപേക്ഷിക്കേണ്ടത്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും, ഡയറ്റ് പ്രിൻസിപ്പൽമാരും ബന്ധപ്പെട്ട ഐ.ടി.ഇ.കളിൽ നിന്നും കൃത്യ സമയത്തിനുള്ളിൽ അവർ വിവരം നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായ വിവരങ്ങൾ നൽകാതിരിക്കുകയോ മൂല്യനിർണ്ണയജോലികളിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്യുന്ന അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് പരീക്ഷാകമ്മീഷണറോട് ശുപാർശ ചെയ്യുന്നതാണ്.

**സെക്രട്ടറി**

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
4. എല്ലാ ഐ.റ്റി.ഇ.(ഗവ/എയ്ഡഡ്) പ്രിൻസിപ്പാൾമാർക്കും (ഡയറ്റ് പ്രിൻസിപ്പാൾമാർ മുഖേന)
5. സിസ്റ്റം മാനേജർ പരീക്ഷാഭവൻ (അനന്തര നടപടികൾക്കായി)